**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2073 — 13.06.2019 ൽ മറുപടിക്ക്

## ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റികൾ രൂപീകരിക്കാൻ നടപടി

| ചോദ്യം<br>പ്രൊഫ.കെ.യു. അരുണൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പുതുതായി പ്രവർത്തനം ആരംഭിച്ച മഞ്ചേരി, ഇടുക്കി, കൊല്ലം മെഡിക്കൽ കോളേജുകളിൽ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | മഞ്ചേരി, കൊല്ലം മെഡിക്കൽ കോളേജുകളിൽ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇടുക്കി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം പുനരാരംഭിക്കുമ്പോൾ ഹോസ്പിറ്റൽ ഡവലപ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതാണ്. |
| (ബി) | തിരുവനന്തപുരം മെഡിക്കൽ കോളേജ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ(എസ്.എ.ടി) പ്രവർത്തിക്കുന്ന സാത്തീസ് എന്ന സ്ഥാപനത്തിന്റെ നിയന്ത്രണം ആർക്കാണ്; ഇത് അംഗീകൃത സ്ഥാപനമാണോ; പ്രസ്തുത സ്ഥാപനത്തെ **ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിയിൽ** ലയിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | അവിട്ടം തിരുനാൾ ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി (SATHHES) മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ചെയർമാനായും, എസ്.എ.റ്റി.ആശുപത്രി സൂപ്രണ്ട് സെക്രട്ടറിയായും പ്രവർത്തിക്കുന്ന ചാരിറ്റബിൾ സൊസൈറ്റീസ് നിയമപ്രകാരം സ്ഥാപിതമായ ഒരു പ്രസ്ഥാനമാണ്.<br><br>ജില്ലാ കളക്ടർ ചെയർമാനും, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ വൈസ് ചെയർമാനും, മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് സെക്രട്ടറിയുമായി സർക്കാർ നിയമിക്കുന്ന ഔദ്യോഗിക/അനൗദ്യോഗിക അംഗങ്ങൾ അടങ്ങുന്ന മെഡിക്കൽ കോളേജ് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച ഒരു സൊസൈറ്റിയാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റി. SATHHES ന്റെയും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതിയുടെയും പ്രവർത്തനങ്ങളുടെ സ്വഭാവവും, ഭരണ സംവിധാനവും ഉദ്ദേശലക്ഷ്യങ്ങളും വ്യത്യസ്തമായതിനാൽ ഇവയുടെ സംയോജനം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ